<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4016</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കനിവ് 108 ആംബുലൻസ് സർവീസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കനിവ് 108 ആംബുലൻസ് സർവീസ് നടത്തുന്ന ജീവനക്കാർക്ക് ശമ്പള വിതരണം വൈകുന്നതായ വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കനിവ് 108 പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് 2024 മെയ് മാസത്തിലെ ശമ്പളം വൈകിയാണ് ലഭിച്ചത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും കേന്ദ്ര സർക്കാർ വിഹിതമായി 2023-24 ൽ ലഭിക്കേണ്ടിയിരുന്ന തുകയായ ₹18,01,64,710/- രൂപയും, 2024-25ൽ ലഭിക്കേണ്ടിയിരുന്ന തുകയായ ₹51,93,00,000/- രൂപയും ചേർത്ത് ആകെ 69.94 കോടി രൂപ യഥാസമയം ലഭിക്കാത്തതുമൂലം കനിവ് 108 പദ്ധതിയുടെ നടത്തിപ്പുകാരായ ജി.വി.കെ. ഇ.എം.ആർ.ഐ. (GVK Emergency Management Research Institute) കമ്പനിയുടെ പ്രവർത്തന ചെലവുകൾക്കായി നൽകേണ്ടിയിരുന്ന തുക സമയബന്ധിതമായി അനുവദിക്കുവാൻ സാധിക്കാത്തതിനാലാണ് ആംബുലൻസ് ജീവനക്കാർക്ക് ശമ്പളം നൽകുവാൻ കാലതാമസം നേരിട്ടത്. എന്നാൽ മേയ് മാസത്തെ ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏറെ പ്രധാന്യമേറിയ ജീവൻ രക്ഷാ സേവനം നടത്തുന്ന പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൃത്യസമയത്ത് മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | കനിവ് 108 പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് 2024 മെയ് മാസത്തിലെ ശമ്പളം വൈകിയാണ് ലഭിച്ചത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും കേന്ദ്ര സർക്കാർ വിഹിതമായി 2023-24 ൽ ലഭിക്കേണ്ടിയിരുന്ന തുകയായ ₹18,01,64,710/- രൂപയും, 2024-25ൽ ലഭിക്കേണ്ടിയിരുന്ന തുകയായ ₹51,93,00,000/- രൂപയും ചേർത്ത് ആകെ 69.94 കോടി രൂപ യഥാസമയം ലഭിക്കാത്തതുമൂലം കനിവ് 108 പദ്ധതിയുടെ നടത്തിപ്പുകാരായ ജി.വി.കെ. ഇ.എം.ആർ.ഐ. (GVK Emergency Management Research Institute) കമ്പനിയുടെ പ്രവർത്തന ചെലവുകൾക്കായി നൽകേണ്ടിയിരുന്ന തുക |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി അനുവദിക്കുവാൻ സാധിക്കാത്തതിനാലാണ് ആംബുലൻസ് ജീവനക്കാർക്ക് ശമ്പളം നൽകുവാൻ കാലതാമസം നേരിട്ടത്. എന്നാൽ മേയ് മാസത്തെ ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ